# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 4284      21.07.2015 ൽ മറുപടിക്ക്.

### അഗതികളും അശരണരും ആയ കുട്ടികളുടെ പുനരധിവാസത്തിനായി നടപടികൾ (കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം പദ്ധതി)

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ : | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ അഗതികളും, അശരണരും ആയ കുട്ടികളുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും നേതൃത്വം നൽകാൻ ഉത്തരവാദിത്വപ്പെട്ട സർക്കാർ വകുപ്പുകളായ വിദ്യാഭ്യാസം, ആരോഗ്യം, ആഭ്യന്തരം തുടങ്ങിയവ, സർക്കാരിതര പ്രസ്ഥാനങ്ങൾ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവർ ഒന്നിച്ച് ഒത്തൊരുമയോടെ കൈകോർത്തുകൊണ്ട് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS) നടപ്പിലാക്കി വരുന്നു. ICPS ന്റെ ഘടകമായി ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികൾക്കുവേണ്ടി എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികൾക്ക് സ്ഥാപനേതര സംരക്ഷണം നൽകുന്നതിനായി ദത്തെടുക്കൽ സ്പോൺസർ ഷിപ്പ്, ഫോസ്റ്റർകെയർ പദ്ധതികളും നടപ്പിലാക്കി വരുന്നു. ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികളുടെയും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും സംരക്ഷണത്തിനുവേണ്ടി 25 ജെ. ജെ. സ്ഥാപനങ്ങൾ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു.<br><br>ICPS ന്റെ ഭാഗമായി ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പരിപാടിയും സംസ്ഥാനത്ത് |

നടപ്പിലാക്കി വരുന്നുണ്ട്. എല്ലാ വിദ്യാർത്ഥികൾക്കും ലൈഫ് സ്കിൽ പരിശീലനം നൽകുക, വിദ്യാർത്ഥികളുടെ വിവിധങ്ങളായ കഴിവുകളെ ക്കുറിച്ചുള്ള പഠനങ്ങൾ നടത്തുക, അവരുടെ സർഗ്ഗാത്മകമായ കഴിവുകളെ പരിപോഷിപ്പിക്കുക, കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും ക്രിയാത്മകമായി ഇടപെടാൻ അദ്ധ്യാപകരെയും രക്ഷിതാക്കളെയും പ്രാപ്തരാക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുക, പ്രത്യേക പരിചരണം ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് അതിനായിട്ടുള്ള സാഹചര്യങ്ങളൊ രുക്കുകയും. അവരെ Mentor ചെയ്യുകയും ചെയ്യുക തുടങ്ങിയവ യാണ്.

പ്രാരംഭ ഘട്ടത്തിൽ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലേയ്ക്കാണ് ORC പദ്ധതി വ്യാപിപ്പിക്കുന്നത്. പ്രാരംഭ ഘട്ടത്തെ തുടർന്ന് മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങളുമായി സർക്കാരും സർക്കാരിതര സംവിധാനങ്ങളും നടത്തുന്ന ജുവനൈൽ ഹോമുകളിലേയ്ക്കും, ചിൽഡ്രൻസ് ഹോമുകളിലേയ്ക്കും കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നു.

| | |
|---|---|
| (ബി) ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ എന്ന പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ? | (ബി) 2010 – ൽ കോഴിക്കോട് പ്രവർത്തനമാരംഭിച്ച ORC പദ്ധതി തൃശ്ശൂർ ജില്ലയിലേയ്ക്ക് വ്യാപിപ്പിക്കുകയുണ്ടായി. 2013 – ൽ കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ ഏറ്റെടുത്ത ORC പദ്ധതി കൂടുതൽ കാര്യക്ഷമമവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിനുവേണ്ടി കുട്ടികളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സംയോജിത ശിശുസംരക്ഷണ പദ്ധതിയുമായി സംയോജിപ്പിച്ച് പ്രവർത്തിക്കുന്നതിന് തീരുമാനമാകുകയും വിപുലമായ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. |

1) അഡീഷണൽ ചീഫ് സെക്രട്ടറി (സാമൂഹ്യനീതിവകുപ്പ്) അദ്ധ്യക്ഷതയിൽ, സെക്രട്ടറി (സാമൂഹ്യനീതി വകുപ്പ്), സെക്രട്ടറി (ധനകാര്യവകുപ്പ്), ലേബർ കമ്മീഷണർ, സ്റ്റേറ്റ് നോഡൽ ഓഫീസർ ORC, UNICEF സ്റ്റേറ്റ് ചീഫ്, ഡയറക്ടർ ഹെൽത്ത് സർവ്വീസസ്, എക്സിക്യൂട്ടീവ് ഡയറക്ടർ KSSM തുടങ്ങിയവർ മെമ്പർമാരായ സമിതി മാസംതോറും ORC പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു.

2) ORC പദ്ധതിയ്ക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന ചീഫ് മെന്ററായി ശ്രീ. ജേക്കബ് പുന്നൂസ് IPS നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറായി ശ്രീ. പി. വിജയൻ IPS പ്രവർത്തിച്ചു വരുന്നു. കൂടാതെ അഡീഷണൽ നോഡൽ ഓഫീസർ മാരും സംസ്ഥാന വർക്കിംഗ് കമ്മിറ്റിയും പദ്ധതിയുടെ നടത്തിപ്പിന് ശക്തിപകരുന്നു.

3) ORC പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുക സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

4) ORC പദ്ധതി കാര്യക്ഷമമാക്കുന്നതിന് SIEMAT, SCERT, IMG, SIET, IT@ School, DIET തുടങ്ങിയ സംവിധാനങ്ങളുടെ കൂടി പിൻതുണ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

5) ജില്ലാ കളക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം), ജില്ലാ പോലീസ് മേധാവി തുടങ്ങിയ ഉദ്യോഗസ്ഥർ അടങ്ങിയ ജില്ലാതല സമിതി ORC പദ്ധതിയുടെ ജില്ലാ - സ്കൂൾ തല പ്രവർത്തനങ്ങൾ മാസംതോറും വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

6) ജില്ലാ തല പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനുവേണ്ടി ഓഫീസുകൾ സജ്ജമാക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

7) ORC പദ്ധതിയുടെ പരിശീലന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും ആവശ്യാനുസരണം കുട്ടികൾക്ക് വിദഗ്ധ പരിചരണം ലഭ്യമാക്കുന്നതിനും കൗൺസിലിംഗ്, ടെലി ഫെസിലിറ്റി, കോൺഫറൻസിംഗ് തുടങ്ങി വിപുലമായ സംവിധാനങ്ങളോടെ ജില്ലകളിൽ ORC റിസോഴ്സ് സെന്റർ പ്രവർത്തന സജ്ജമായി വരുന്നു.

8) കഴിഞ്ഞ വർഷങ്ങളിൽ ORC പദ്ധതി ആരംഭിച്ച കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ 10 സ്കൂളുകൾ വീതവും ഈ വർഷം പദ്ധതി ആരംഭിക്കുന്ന കൊല്ലം - 7, ആലപ്പുഴ – 5, ഇടുക്കി - 5, പത്തനംതിട്ട – 5, കോട്ടയം - 5, മലപ്പുറം - 5, പാലക്കാട് - 5, വയനാട് - 5, കണ്ണൂർ - 5, കാസർഗോഡ് - 5 വീതവും സ്കൂളുകൾ തെരഞ്ഞെടുത്തിട്ടുണ്ട്.

9)അദ്ധ്യാപകരെയും മറ്റും പരിശീലിപ്പിക്കുന്നതിന് ആവശ്യമായ പരിശീലകരെ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10) തെരഞ്ഞെടുത്ത സ്കൂളുകളിൽ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഒരു നോഡൽ ടീച്ചറെ നിയോഗിച്ചു. നോഡൽ ടീച്ചർക്ക് പ്രതിമാസ ഹോണറേറിയം 1,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ ഹെൽത്ത് നേഴ്സ്, കൗൺസിലർ തുടങ്ങിയവരുടെ സേവനം ORC സ്കൂളുകളിൽ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.

11) സമൂഹത്തിന്റെ വിവിധ തലങ്ങളിൽ മികച്ച പ്രവർത്ത നങ്ങൾ നടത്തിവരുന്നവരും കുട്ടികളുടെ ക്ഷേമത്തിൽ തൽപരരുമായ വ്യക്തികൾ ORC പദ്ധതിയുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ ശ്രമങ്ങൾ നടന്നു വരുന്നു. കുട്ടികളുടെ ക്ഷേമത്തിൽ തൽപരരായ രാഷ്ട്രീയ - സാമൂഹിക - സാംസ്കാരിക മേഖലകളിലെ ഏതൊരു വ്യക്തിക്കും ORC യുമായി ചേർന്ന് പ്രവർത്തിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ.